ഉത്തരം

(എ) പി.എ.പി. കരാർ പ്രകാരം മേയ് രണ്ടാം ദൈവാരത്തിൽ ആളിയാറിൽ നിന്ന് പിറ്റൂർപ്പുഴയ്ക്ക് തമിഴ്നാട് 400 ദശലക്ഷം ഘനയടി അഥവാ 300 ക്യൂസെക്സ് ജലമാണ് മണക്കടവിൽ നൽകേണ്ടത്.

(ബി) ഇല്ല.

(സി) മേയ് രണ്ടാം ദൈവാരത്തിൽ തമിഴ്നാട് ആളിയാറിൽ നിന്നും പിറ്റൂർപ്പുഴയ്ക്ക് ജലം നൽകിയിട്ടില്ല. ജൂൺ ഒന്നാം ദൈവാരത്തിൽ തമിഴ്നാട് 207 എം.സി. അടി ജലം ലഭ്യമാക്കുകയുണ്ടായി.

(ഡി) ഈ ജലവർഷത്തിൽ (1-7-2004 മുതൽ 30-6-2005) മുൻവർഷത്തെ നീക്കിയിരിപ്പുൾപ്പെടെ 10892 എം.സി. അടി (7250 + 3642) ജലമാണ് പിറ്റൂർപ്പുഴയ്ക്ക് നൽകേണ്ടത്. ജൂൺ ഒന്നാം ദൈവാരത്തിലെ കണക്ക് പ്രകാരം 5383 എം.സി. അടി ജലമാണ് കേരളത്തിന് ലഭിച്ചത്. ബാക്കി 5509 എം.സി. അടി വെള്ളമാണ് കേരളത്തിന് ഈ ജലവർഷം ലഭിക്കേണ്ടിയിരുന്നത്.

പറമ്പിക്കുളം-ആളിയാർ നദീജലകരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം

34 [115] *ശ്രീ. ടി. എൻ. പ്രതാപൻ:*

„ *വി. ജെ. പൗലോസ്:*

„ *ലൂഡി ലൂയിസ്:*

„ *എം. എം. ഹസ്സൻ:*

„ *സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ അനുസരിച്ച് മണക്കടവ് വിയറിൽ നിന്നും തമിഴ്നാട് നമ്മുടെ സംസ്ഥാനത്തിന് എത്ര ടി.എം.സി. ജലം ആണ് നൽകേണ്ടത്;

(ബി) ഇതിൽ ഫ്ളഡ് വാട്ടർ പെടുമോ;

(സി) വേനലിൽ നല്ല മഴ കിട്ടി എന്നതിന്റെ അടിസ്ഥാനത്തിൽ മുൻകൂടിശ്ശിക സഹിതം കിട്ടാനുള്ള ബാക്കി വെള്ളം വാങ്ങാൻ നടപടി എടുക്കുമോ;

(ഡി) മുൻകൂടിശ്ശിക സഹിതം ഈ വർഷം കേരളത്തിന് മണക്കടവ് വിയറിൽ നിന്നും കിട്ടേണ്ടത് എത്ര വെള്ളമാണ്?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ അനുസരിച്ച് മണക്കടവ് വിയറിൽ തമിഴ്നാട് നമ്മുടെ സംസ്ഥാനത്തിന് പ്രതിവർഷം 7.25 ടി. എം. സി. അടി (ഉപയോഗശൂന്യമായ പ്രളയജലം കൂടാതെ) ജലമാണ് നൽകേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) കേരളത്തിന് അവകാശപ്പെട്ട ജലം കുടിശ്ശിക സഹിതം ലഭ്യമാക്കുന്നതിനായി നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) 2004-2005 ജലവർഷത്തിൽ മുൻകൂടിശ്ശിക സഹിതം കേരളത്തിന് മണക്കടവ് വിയറിൽ നിന്നും 10,892 എം. സി. അടി ജലമാണ് ലഭിക്കേണ്ടത്.

മുല്ലപ്പെരിയാർ നദീജലകരാർ

35 [116] *ശ്രീ. സി. പി. മുഹമ്മദ്:*

„ *എം. എം. ഹസ്സൻ:*

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. ലൂഡി ലൂയിസ്:

„ *ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ നദീജല കരാറനുസരിച്ച് മുല്ലപ്പെരിയാറിലെ വെള്ളം തമിഴ്നാട് എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്;

(ബി) മുല്ലപ്പെരിയാർ ജലമുപയോഗിച്ച് തേനിക്കും വൈഗയ്ക്കുമിടയിൽ എത്ര ഹൈഡൽ പവർ സ്റ്റേഷനുകൾ ആരംഭിക്കാൻ തമിഴ്നാട് നടപടി സ്വീകരിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്;

(സി) ഇവ നിർമ്മിക്കുന്നതിനെ സംസ്ഥാനം തടഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ തമിഴ്നാടിന്റെ പ്രതികരണം എന്തായിരുന്നു എന്നറിയിക്കാമോ?

ഉത്തരം

(എ) 1886-ലെ മുല്ലപ്പെരിയാർ നദീജലക്കരാറനുസരിച്ച് മുല്ലപ്പെരിയാർ ജലം തമിഴ്നാടിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിലേയ്ക്ക് തിരിച്ചുവിട്ട് മധുരജില്ലയിലെ വരൾച്ചാബാധിത പ്രദേശങ്ങളിൽ ജലസേചനം നടത്താനായിരുന്നു തമിഴ്നാടിന് നൽകിയിരുന്നത്. എന്നാൽ 29-5-1970-ലെ കേരള-തമിഴ്നാട് പെരിയാർ ജലവൈദ്യുത അനുബന്ധകരാർ അനുസരിച്ച് മുല്ലപ്പെരിയാറിലെ ജലം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള അനുമതി കേരളം തമിഴ്നാടിന് നൽകി. ഇപ്പോൾ തമിഴ്നാട് ജലസേചനം നടത്താനും വൈദ്യുതി ഉല്പാദിപ്പിക്കാനും മുല്ലപ്പെരിയാറിലെ ജലം ഉപയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly